ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:24.05.2025**

## പ്രധാനവാർത്തകൾ

1. നീതി ആയോഗിന്റെ പത്താമത് ഭരണസമിതി യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ അധ്യക്ഷത വഹിച്ചു
2. കേരളത്തിൽ കാലവർഷമെത്തിയതായി കേന്ദ്ര കാലാവസ്ഥ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത, മഴക്കെടുതി വിലയിരുത്താൻ മന്ത്രിമാരുടെ നേതൃത്വത്തിൽ ഇന്ന് തിരുവനന്തപുരത്ത് യോഗം ചേരും
3. കനത്ത മഴയുടെ സാഹചര്യത്തിൽ സംസ്ഥാനത്ത് വിനോദ സഞ്ചാര മേഖലയിൽ നിയന്ത്രണം. മലയോര മേഖലകളിൽ ജാഗ്രതാ നിർദ്ദേശം, കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്
4. സംസ്ഥാനത്തെ ആദ്യ അതിദാരിദ്ര്യ മുക്ത നഗരസഭയായി പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നഗരസഭ
5. ഹയർസെക്കണ്ടറി ഒന്നാം വർഷ പ്രവേശനത്തിനായുള്ള ട്രയൽ അലോട്ടമെന്റ് ഇന്ന് പ്രസിദ്ധീകരിക്കും.
6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ് ഡൽഹി ക്യാപിറ്റൽസ് പോരാട്ടം

&&&&&&&&&&&&&&&&&&

RNU TVPM

## നിതി ആയോഗ്-പ്രധാനമന്ത്രി

ന്യൂഡൽഹിയിൽ നടക്കുന്ന നീതി ആയോഗിന്റെ പത്താമത് ഭരണസമിതി യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷത വഹിക്കുന്നു. സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും മുഖ്യമന്ത്രിമാരും ലെഫ്റ്റനന്റ് ഗവർണർമാരും കേന്ദ്ര മന്ത്രിമാരും നീതി ആയോഗ് സിഇഒയും മറ്റ് അംഗങ്ങളും ഭരണസമിതി യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. 2047ഓടെ വികസിത ഭാരതത്തിനായി വികസിത സംസ്ഥാനം എന്നതാണ് ഈ വർഷത്തെ പ്രമേയം.

RNUTVPM

&&&&&&&&&&&&&&&&&&

## ഓപ്പറേഷൻ സിന്ദൂർ-ശശി തരൂർ

ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര പര്യടനത്തിനായി ശശി തരൂർ എംപിയുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം യാത്ര തിരിച്ചു. യുഎസ്, പനാമ, ഗയാന, ബ്രസീൽ, കൊളംബിയ എന്നീ രാജ്യങ്ങളാണ് സംഘം സന്ദർശിക്കുക. അതേസമയം ബൈജയന്ത് പാണ്ഡ എംപിയുടെ നേതൃത്വത്തിലുള്ള സംഘം ബഹ്റൈനിലെത്തി.

സൗദി, കുവൈറ്റ്, അൾജീരിയ എന്നീ രാജ്യങ്ങളും ഈ സംഘം സന്ദർശിക്കും. സഞ്ജയ് ഝാ എം പിയുടെ നേതൃത്വത്തിലുള്ള സംഘം ബ്രസീൽ, ഓസ്ട്രേലിയ, കൊളംബിയ, ഗ്രീസ്, ദക്ഷിണ കൊറിയ എന്നീ രാജ്യങ്ങളുടെ അംബാസിഡർമാരുമായി ജപ്പാനിൽ കൂടിക്കാഴ്ച നടത്തി. കനിമൊഴി എംപിയുടെ നേതൃത്വത്തിലുള്ള സംഘം റഷ്യയിൽ പര്യടനം തുടരുകയാണ്.

&&&&&&&&&&&&&&&&&&

**രാഹുൽ ഗാന്ധി-പൂഞ്ച് സന്ദർശനം**

ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഇന്ന് ജമ്മു കശ്മീരിലെ പൂഞ്ച് സന്ദർശിക്കും. പാകിസ്ഥാൻ ഷെല്ലാക്രമണത്തിൽ കൊല്ലപ്പെട്ടവരുടെയും ദുരിതമനുഭവിക്കുന്നവരുടെയും കുടുംബങ്ങളെ അദ്ദേഹം സന്ദർശിക്കും.

&&&&&&&&&&&&&&&&&&

**മഴ-കേരളം**

കേരളത്തിൽ കാലവർഷമെത്തിയതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. 2009 നു ശേഷം ആദ്യമായാണ് സംസ്ഥാനത്ത് കാലവർഷം നേരത്തെയെത്തുന്നത്. വരും

RNU TVPM

ദിവസങ്ങളിൽ സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്. അതിതീവ്ര മഴയ്ക്കുള്ള സാധ്യത പരിഗണിച്ച് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത നൽകി. 9 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയുമാണ്. തീവ്രമഴ മുന്നറിയിപ്പിൻ്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലകളിൽ വിലക്കേർപ്പെടുത്തി. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ സാധ്യതയുള്ള മേഖലയിലെ ട്രെക്കിങ്ങും നിരോധിച്ചു. ക്വാറികളുടെ പ്രവർത്തനം, മണ്ണെടുപ്പ്, ഖനനം എന്നിവയ്ക്കും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. കേരള- കർണാടക -ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും നിർദ്ദേശമുണ്ട്. അതേസമയം സംസ്ഥാനത്തെ മഴക്കെടുതി വിലയിരുത്താൻ മന്ത്രിമാരും എം എൽ എമാരും ജനപ്രതിനിധികളും പങ്കെടുക്കുന്ന യോഗം ഇന്ന് വൈകുന്നേരം തിരുവനന്തപുരത്ത് ചേരും.

&&&&&&&&&&&&&&&&&&

**കണ്ണൂർ മഴ-ഇൻട്രോ**

RNU TVPM

കണ്ണൂർ ജില്ലയിൽ ഇന്നുമുതൽ മൂന്ന് ദിവസം ചുവപ്പ് ജാഗ്രത. ഏത് സാഹചര്യവും നേരിടാൻ ജില്ലാ ഭരണകൂടം സജ്ജമായി.

***വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ..........***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**മണ്ണിടിച്ചിൽ - കണ്ണൂർ**

കണ്ണൂർ പെരിങ്ങോത്തിനടുത്ത് ചെങ്കൽപ്പണയിൽ മണ്ണിടിഞ്ഞുവീണ് അന്യ സംസ്ഥാന തൊഴിലാളി മരിച്ചു. അസം സ്വദേശി ഗോപാൽ വർമൻ ആണ് മരിച്ചത്. ലോറിയിലേക്ക് ചെങ്കൽ കയറ്റുമ്പോൾ സമീപത്തെ കുന്നിടിഞ്ഞു വീഴുകയായിരുന്നു. മണ്ണുമാന്തിയന്ത്രം ഉപയോഗിച്ച് ലോറി നീക്കിയാണ് തൊഴിലാളികളെ പുറത്തെടുത്തത്.

**Editor:NITHA A B, Source: KANNUR PTC , CNRT:MAHESH D, Reader: KRISHNA A, DEO:SANDHYA RANI G S**

**വയോധികൻ മരിച്ചു**

RNUTVPM

കൊച്ചി കുമ്പളത്ത് ഇന്നലെ രാത്രി പെയ്ത മഴയിൽ റോഡിലേക്ക് വീണ കെഎസ്ഇബി പോസ്റ്റിൽ തട്ടി ഇരുചക്ര വാഹന യാത്രക്കാരനായ വയോധികൻ മരിച്ചു. ഇന്ന് പുലർച്ചെയാണ് സംഭവം. അരുകുറ്റി സ്വദേശി അബ്ദുൾ ഗഫൂർ ആണ് മരിച്ചത്.

&&&&&&&&&&&&&&&&&&

**കാസർകോഡ് -മഴ**

കാസർഗോഡ് ജില്ലയിൽ മഴ അതി ശക്തമാകുമെന്നുള്ള മുന്നറിയിപ്പിനെത്തുടർന്ന് ബീച്ചുകളിലും റാണിപുരം ഉൾപ്പെടെയുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കും യാത്രകൾക്ക് നിയന്ത്രണം ഏർപ്പെടുത്തി. മുന്നറിയിപ്പുകൾ പിൻവലിക്കുന്നത് വരെ നിയന്ത്രണങ്ങൾ തുടരും.

അപകട സാധ്യതയുള്ള മരങ്ങൾ മുറിച്ചു മാറ്റാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ നിർദേശിച്ചു.

&&&&&&&&&&&&&&&&&&

**മഴ-തിരുവനന്തപുരം**

ശക്തമായ കാറ്റിലും മഴയിലും തിരുവനന്തപുരം ജില്ലയിൽ വ്യാപക നാശ നഷ്ടം. മെഡിക്കൽ കോളജിന് മുന്നിൽ മരം

RNU TVPM

ഒടിഞ്ഞ് വീണ് കൊല്ലം സ്വദേശിക്ക് പരിക്കേറ്റു. ഇദ്ദേഹം മെഡിക്കൽ കോളജിലെ തീവ്ര പരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്. രാവിലെയുണ്ടായ കനത്ത മഴയിലും കാറ്റിലും കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലെ മേൽക്കൂര തകർന്ന് വീണു. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി. നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിൽ വിവിധയിടങ്ങളിൽ മരം വീണ് ഗതാഗതവും വൈദ്യുതിയും തടസപ്പെട്ടു.

&&&&&&&&&&&&&&&&&&

**അരുവിക്കര-ഡാം**

അരുവിക്കര ഡാമിന്റെ 1 മുതൽ 5 വരെയുള്ള ഷട്ടറുകൾ ഉയർത്തിയ സാഹചര്യത്തിൽ സമീപ പ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രതപാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

RNUTVPM

&&&&&&&&&&&&&&&&&&

**കോഴിക്കോട്-മഴ**

കോഴിക്കോട് ജില്ലയിൽ മലയോരമേഖലയിലും തീരപ്രദേശത്തും കനത്ത മഴയിലും കാറ്റിലും വീടുകളിൽ മരം വീണു. പലയിടത്തും കൃഷിനാശം ഉണ്ടായി.

വൈദ്യതി പലയിടത്തും പുനസ്ഥാപിച്ചിട്ടില്ല. ശക്തമായ കാറ്റിൽ നല്ലളത്തെ വൈദ്യുതി ടവർ ചരിഞ്ഞു. ആളപായമില്ല. .ഫറോക്ക് കടലുണ്ടി, ബേപ്പൂർ മേഖലകളിൽ എഴിടങ്ങളിൽ മരം നിലം പൊത്തിയതിനെത്തുടർന്ന് ഗതാഗതം തടസ്സപ്പെട്ടു.

&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

RNUTVPM

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - പ്രധാനമന്ത്രി - ജന്മദിനാശംസകൾ

മുഖ്യമന്ത്രി പിണറായി വിജയന് ജന്മദിനാശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ശ്രീ പിണറായി വിജയന് ദീർഘായുസ്സും ആരോഗ്യവും ഉണ്ടാകട്ടെ എന്ന് പ്രധാന മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. മുഖ്യമന്ത്രിയുടെ എൺപതാം ജന്മദിനമാണിന്ന്.

&&&&&&&&&&&&&&&&&&

**പാലക്കാട് എം.ബി രാജേഷ്-ഇൻട്രോ**

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നഗരസഭയെ സംസ്ഥാനത്തെ ആദ്യ അതിദാരിദ്ര്യ മുക്ത നഗരസഭയായി പ്രഖ്യാപിച്ചു. പ്രഖ്യാപനം മന്ത്രി എം ബി രാജേഷ് നിർവഹിച്ചു. സമ്പൂർണ്ണ മാലിന്യമുക്തം, സമ്പൂർണ ഡിജിറ്റൽ സാക്ഷരത എന്നീ ഇടങ്ങളിലും നേട്ടം കൈവരിച്ച നഗരസഭകൂടിയാണ് ഷൊർണൂർ.

***വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.........***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**ട്രയൽ അലോട്ട്മെൻറ്-പ്ലസ് വൺ**

ഹയർസെക്കണ്ടറി ഒന്നാം വർഷ പ്രവേശനത്തിനായുള്ള ട്രയൽ അലോട്ടമെന്റ് ഇന്ന് വൈകുന്നേരം 5 മണിക്ക് പ്രസിദ്ധീകരിക്കും. ഹയർസെക്കണ്ടറി അഡ്മിഷൻ വെബ്സൈറ്റിൽ പ്രവേശിച്ച് അപേക്ഷകർക്ക് ട്രയൽ ഫലം പരിശോധിക്കാം. ബുധനാഴ്ച വൈകുന്നേരം അഞ്ച് മണിവരെ ആവശ്യമായ തിരുത്തലുകൾ വരുത്താം.

&&&&&&&&&&&&&&&&&&

**ഐ പി എൽ ക്രിക്കറ്റ്**

RMJ TVPM

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ് ഡൽഹി ക്യാപിറ്റൽസിനെ നേരിടും. വൈകുന്നേരം 7.30 ന് ജയ്പൂരിലെ സവായ് മാൻസിംഗ് സ്റ്റേഡിയത്തിലാണ് മത്സരം .

&&&&&&&&&&&&&&&&&&

**മൻ കി ബാത്ത്**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11 ന്. പരിപാടിയുടെ 122 -ാാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻറേയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമാകും.

&&&&&&&&&&&&&&&&&&

**മോട്ടോർ വാഹനവകുപ്പ്**

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി കൊല്ലം ജില്ലയിൽ മോട്ടോർ വാഹനവകുപ്പ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന നടത്തി.

അധ്യയനവർഷം ആരംഭിക്കുന്ന സാഹചര്യത്തിൽ സുരക്ഷ ഉറപ്പാക്കാൻ ലക്ഷ്യമിട്ടാണ് മോട്ടോർ വാഹനവകുപ്പിൻ്റെ നടപടി.

&&&&&&&&&&&&&&&&&&

PNU TVPM

## ടെൻഡർ ക്ഷണിച്ചു

കേന്ദ്ര വാർത്താ വിതരണപ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ കേരള- ലക്ഷദ്വീപ് മേഖലയിൽ സർക്കാരിൻറെ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഏജൻസികളിൽ നിന്ന് ടെൻഡർ ക്ഷണിച്ചു. . ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതി: ജൂൺ 03 ആണ്.

കൂടുതൽ

വിവരങ്ങൾക്ക് www.cbcindia.gov.in സന്ദർശിക്കുക.

&&&&&&&&&&&&&&&&&&

## കൊടുങ്ങല്ലൂർ-വഞ്ചി മറിഞ്ഞു

RNU TVPM

കൊടുങ്ങല്ലൂർ കാഞ്ഞിരപ്പുഴയിൽ മണൽ വാരുന്നതിനിടയിൽ വഞ്ചി മറിഞ്ഞ് രണ്ടുപേരെ കാണാതായി. പ്രദീപ്, സന്തോഷ് എന്നിവരെയാണ് കാണാതായത്. ഇന്നലെ അർദ്ധരാത്രിയിലായിരുന്നു സംഭവം.

&&&&&&&&&&&&&&&&&&

## മലപ്പുറത്ത് - ദേശീയപാത

മലപ്പുറത്ത് ദേശീയപാതയിൽ മണ്ണിടിച്ചിലുണ്ടായ സ്ഥലം പൊതുജനങ്ങൾ സന്ദർശിക്കുന്നത് ഒഴിവാക്കണമെന്ന് ജില്ലാ കളക്ടർ. ഇടിഞ്ഞ റോഡിൻറെ ഒരുഭാഗം അടർന്നുനിൽക്കുന്നതിനാൽ വീണ്ടും അപകടം സംഭവിക്കാനുള്ള സാധ്യതയുണ്ടെന്നും കളക്ടർ പറഞ്ഞു. സർവീസ് റോഡ് ഗതാഗതയോഗ്യമാക്കുമെന്നും കലക്ടർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## ചക്കകൊമ്പൻ

ഇടുക്കി ചിന്നക്കനാലിൽ ചക്കകൊമ്പൻ എന്ന് പേരുള്ള കാട്ടാനയുടെ ആക്രമണത്തിൽ റേഷൻ കട തകർന്നു. ഇന്നലെ രാത്രിയിലാണ് ചെമ്പക തൊഴു കുടിയിലെത്തിയ കൊമ്പൻ റേഷൻ കടയുടെ മുൻവശം തകർത്ത് അരി എടുക്കാൻ ശ്രമിച്ചത്.

RNU TVPM

&&&&&&&&&&&&&&&&&&

## വയനാട് -പുലി

വയനാട് സുൽത്താൻ ബത്തേരിയിൽ വീണ്ടും പുലിയുടെ സാന്നിധ്യം. പാട്ടവയൽ റോഡിൽ സെൻറ് ജോസഫ് സ്കൂളിന് സമീപമാണ് പുലിയെ കണ്ടത്. മതിലിൽ നിന്ന് സമീപത്തെ പറമ്പിലേക്ക് പുലി ചാടുന്ന ദൃശ്യം ഇതു

വഴി സഞ്ചരിച്ച യാത്രക്കാർ മൊബൈലിൽ പകർത്തിയിരുന്നു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM